# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 06.02.2026**

### പ്രധാനവാർത്തകൾ

1. സ്വന്തം കഴിവിൽ വിശ്വസിച്ച് ജീവിതത്തിൽ മുന്നേറാൻ പരീക്ഷാ പേ ചർച്ചയിലൂടെ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. സമയനിഷ്ഠ വിജയത്തിന്റെ പാതയിൽ നിർണായകമാണെന്നും പ്രധാനമന്ത്രി.
2. വിവിധ വിഷയങ്ങൾ ഉന്നയിച്ചുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ പാർലമെൻറ് ഇന്നും പ്രക്ഷുബ്ധം. ലോക്സഭാ ഇന്നത്തേക്ക് പിരിഞ്ഞു.
3. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴി ഒരുക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.
4. റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ ആർബിഐ ദ്വൈമാസ പണനയം പ്രഖ്യാപിച്ചു.
5. ആരോഗ്യകരമായ ഭക്ഷണ രീതിയിലൂടെ ജീവിതശൈലി രോഗങ്ങൾ തടയുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിക്കുന്ന ദ്വിദിന പരിപാടിയ്ക്ക് തിരുവനന്തപുരത്ത് തുടക്കം.
6. അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യ ഇംഗ്ലണ്ട് പോരാട്ടം അല്പസമയത്തിനകം സിംബാബ്‌വെയിലെ ഹരാരെയിൽ ആരംഭിക്കും.

*************************************

RNU TVPM

## പരീക്ഷാ പേ ചർച്ച (ഇൻട്രോ)

സ്വന്തം കഴിവിൽ വിശ്വസിച്ച് ജീവിതത്തിൽ മുന്നേറാൻ വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. പരീക്ഷാ പേ ചർച്ചയിലൂടെ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസവും വിനോദവും കഴിവുകളും ഒന്നിച്ച് കൊണ്ടുപോകുന്നതിലൂടെ ജീവിതത്തിൽ വളർച്ച കൈവരിക്കാൻ കഴിയുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

സമയം ക്രമീകരിക്കാൻ വിദ്യാർത്ഥികൾ പഠിക്കേണ്ടത് വളരെ അത്യാവശ്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സമയനിഷ്ഠ വിജയത്തിന്റെ പാതയിൽ നിർണായകമാണെന്നും മാർക്ക് നേടാൻ വേണ്ടി മാത്രം പഠിക്കരുതെന്നും പരീക്ഷയെ ഭയക്കരുതെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

(വോയിസ് )

മാതാപിതാക്കൾ കുട്ടികളിൽ സമ്മർദ്ദം ചെലുത്തരുതെന്നും അവർക്ക് ആവശ്യമായ പിന്തുണ നൽകി പ്രോത്സാഹിപ്പിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു. അധ്യാപകർ കുട്ടികളുടെ മൊത്തത്തിലുള്ള വളർച്ചയിൽ ശ്രദ്ധ കേന്ദ്രികരിക്കണമെന്നും അദ്ദേഹം വ്യക്തമാക്കി.

(വോയിസ്)

പരീക്ഷാ സമ്മർദ്ദം ഉൾപ്പെടെയുള്ള വിഷയങ്ങൾ വിദ്യാർത്ഥികൾ പ്രധാനമന്ത്രിയുമായി പങ്കുവച്ചു. ഡൽഹിക്ക് പുറമെ കോയമ്പത്തൂർ, റായ്പൂർ, ദേവ് മോഗ്ര, ഗുവാഹത്തി എന്നീ നഗരങ്ങളെയും ഇത്തവണത്തെ പരീക്ഷാ പേ ചർച്ചയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*************************************

## പരീക്ഷാ പേ ചർച്ച-വിദ്യാർത്ഥി (ഇൻട്രോ)

പരീക്ഷയെ പേടിയോടെ കാണാതെ വളരാനും ജീവിതത്തിൽ മുന്നേറാനുമുള്ള മാർഗ്ഗമായി കാണണമെന്ന് പരീക്ഷ പേ ചർച്ചയിൽ പ്രധാനമന്ത്രി പറഞ്ഞ വാക്കുകൾപ്രചോദനമായതായി തിരുവനന്തപുരം പട്ടം പി എം ശ്രീ കേന്ദ്രീയ വിദ്യാലയത്തിലെ പ്ലസ് വൺ വിദ്യാർത്ഥിനി ഗോപിക എസ് എൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ബൈറ്റ് )

*************************************

## പാർലമെൻറ്

വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രതിപക്ഷ പ്രതിഷേധത്തിൽ ലോക്സഭാ നടപടികൾ തടസ്സപ്പെട്ടു. ലോക്സഭ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം ബഹളം തുടങ്ങി. തുടർന്ന് സഭ 12 മണിവരെ നിർത്തിവച്ചു. വീണ്ടും സഭ പുനരാരംഭിച്ചപ്പോൾ സമാന സ്ഥിതി തുടർന്ന സാഹചര്യത്തിൽ സഭ ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ നടപടികൾ പുരോഗമിക്കുകയാണ്.

PNU TVPM

*************************************

## റിപ്പോ നിരക്ക് - ആർബിഐ

റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ ആർബിഐ ദ്വൈമാസ പണനയം പ്രഖ്യാപിച്ചു. റിപ്പോ നിരക്ക് 5.25 ശതമാനമായും ബാങ്ക് നിരക്ക് 5.50 ശതമാനമായും തുടരുമെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. കഴിഞ്ഞ ഫെബ്രുവരി മുതൽ 125 ബേസിസ് പോയിൻറ് കുറച്ചിരുന്നു. കൂടാതെ സ്റ്റാൻഡിംഗ്

ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് അഞ്ച് ശതമാനമായും, മാർജിനൽ സ്റ്റാൻഡിംഗ് ഫെസിലിറ്റി 5.50 ശതമാനമായും തുടരുമെന്നും അദ്ദേഹം പറഞ്ഞു. 2026-27 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിലെ ജിഡിപി വളർച്ചാ നിരക്ക് 6.9 ശതമാനമായും രണ്ടാം പാദത്തിൽ ഏഴ് ശതമാനവുമാണ് പ്രതീക്ഷിക്കുന്നതെന്ന് ശ്രീ മൽഹോത്ര അറിയിച്ചു .

*************************************

## എസ് ഐ ആർ

കേരളത്തിൽ എസ് ഐ ആറിൻറെ ഭാഗമായിയുള്ള ഹിയറിംഗിലൂടെ 21,130 പേർ വോട്ടർപ്പട്ടികയിൽ നിന്ന് പുറത്തായതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്ക . ഇതിൽ 2,804 പേർ എന്യൂമറേഷൻ കാലഘട്ടത്തിൽ മരണപ്പെട്ടവരും, ആയിരത്തി 39 പേർ വിദേശ പൗരത്വം സ്വീകരിച്ചവരും, 17,287 പേർ താമസം മാറിയവരുമാണെന്ന് അദ്ദേഹം അറിയിച്ചു. അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

RNU TVPM

*************************************

## ജയ്ശങ്കർ

ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴി ഒരുക്കുമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. ന്യൂഡൽഹിയിൽ ഇന്ന് നടന്ന ഇന്ത്യ-യൂറോപ്യൻ യൂണിയൻ ഫോറത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സുരക്ഷ, പ്രതിരോധം, കാലാവസ്ഥ, സാങ്കേതികവിദ്യ, എന്നിവയുൾപ്പെടെ വലിയ സാധ്യതകൾ ഉൾക്കൊള്ളുന്നതാണ് കരാറെന്ന് മന്ത്രി പറഞ്ഞു.

**************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

**************************************

## അമിത് ഷാ-ജമ്മുകാശ്മീർ

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ജമ്മുവിലെ സുരക്ഷ സ്ഥിതികൾ അവലോകനം ചെയ്യുംപ്രദേശത്തെ ക്രമസമാധാന സ്ഥിതി ഉൾപ്പെടെയുള്ളവ ഉന്നതതല യോഗത്തിൽ വിലയിരുത്തും. കത്വ ജില്ലയിലെ ഹിരാനഗറിൽ അന്താരാഷ്ട്ര അതിർത്തി സന്ദർശിക്കുന്ന അദ്ദേഹം അതിർത്തി സുരക്ഷാ സേനക്ക് പുതിയതായി നൽകിയ ഉപകരണങ്ങൾ പരിശോധിക്കും. വീരമൃത്യു വരിച്ച സൈനികരുടെ കുടുംബങ്ങളുമായി കേന്ദ്ര മന്ത്രി കൂടിക്കാഴ്ച നടത്തും.

RNU TVPM

**************************************

## ഭക്ഷണ സംസ്കാരം-തിരുവനന്തപുരം(ഇൻട്രോ)

സംസ്ഥാനത്ത് സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനും ആരോഗ്യകരമായ ഭക്ഷണ രീതിയിലൂടെ ജീവിതശൈലി രോഗങ്ങൾ തടയുന്നതിനുമായി ഈറ്റ് റൈറ്റ് കേരള: സേഫ് ഫുഡ് ഫോർ ബെറ്റർ ലൈഫ് എന്ന പേരിൽ സംഘടിപ്പിക്കുന്ന ദ്വിദിന സംസ്ഥാനതല പരിപാടിയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമായി. ആരോഗ്യ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം നിർവഹിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാപ്രതിനിധി രെജു കോലിയക്കോട്....

(വോയ്സ്)

********************************

## തൂക്ക് പാലം - നിലമ്പൂർ

ലോകത്തിലെ ഏറ്റവും പ്രായം കൂടിയ തേക്ക് പ്ലാന്റേഷനായ നിലമ്പൂർ കനോലി പ്ലോട്ടിലേക്കുള്ള തൂക്കുപാലത്തിന്റെ നിർമാണ പ്രവൃത്തി പുനരാരംഭിച്ചു. 100-ദിവസത്തിനകം നിർമാണം പൂർത്തീകരിക്കും. 2018ൽ ഉണ്ടായ പ്രളയത്തെ തുടർന്നാണ് ചാലിയാർ പുഴയിലെ കനോലി കടവിലെ തൂക്കു പാലം ഒലിച്ചു പോയത്.

********************************

RNUTVPM

## വിനോദ സഞ്ചാര കേന്ദ്രം-പാലക്കാട് (ഇൻട്രോ)

വിനോദ സഞ്ചാര കേന്ദ്രമായ നെല്ലിയാമ്പതിയുടെ കാർഷിക വൈവിധ്യവും ഇക്കോ ടൂറിസം സാധ്യതകളും സഞ്ചാരികൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന 'നാച്ചുറ-26' അഗ്രി ഹോർട്ടി ടൂറിസം ഫെസ്റ്റിന് തുടക്കമായി. നെല്ലിയാമ്പതിയിലെ സർക്കാർ ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളും പ്രാദേശിക കൂട്ടായ്മകളും സംയുക്തമായാണ് ഫെസ്റ്റ് സംഘടിപ്പിച്ചിരിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....

(വോയ്സ്)

********************************

## അണ്ടർ-19 ഏകദിന ക്രിക്കറ്റ്

അണ്ടർ-19 ഏകദിന ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ഇന്ത്യ ഇംഗ്ലണ്ട് പോരാട്ടം അല്പസമയത്തിനകം ആരംഭിക്കും. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുത്തു. സിംബാബ്‌വെയിലെ ഹരാരെയിലാണ് മത്സരം

******************************************

## അക്ഷരം ആരോഗ്യം -വീണാ ജോർജ്

കേരളത്തിലെ യുവതലമുറയുടെ സമഗ്രമായ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന അക്ഷരം ആരോഗ്യം പരിപാടിയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ കോട്ടൺഹിൽ ഗവ. ഹയർസെക്കന്ററി സ്കൂളിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് നിർവഹിച്ചു.

RNUTVPM

******************************************

## ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടത്തോടെ വ്യാപാരം ആരംഭിച്ചു. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 256 പോയിൻറ് താഴ്ന്ന് 83,058 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 100 പോയിൻറ് ഇടിഞ്ഞ് 25,543 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 190 രൂപ കുറഞ്ഞ് 13,965 രൂപയും പവന് 1,520 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 11,720 രൂപയുമാണ് ഇന്നത്തെ വില.

******************************************

## മണിയൻപിള്ള രാജു-അപകടം

ചലച്ചിത്ര നടൻ മണിയൻപിള്ള രാജു ഓടിച്ച കാർ ബൈക്കിൽ ഇടിച്ച് രണ്ട് പേർക്ക് പരിക്കേറ്റു. പരിക്കേറ്റവർ തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. യുവാക്കളുടെ പരാതിയെ തുടർന്ന് ഇന്ന് രാവിലെ മ്യൂസിയം പൊലീസ് സ്റ്റേഷനിൽ ഹാജരായ മണിയൻപിള്ള രാജുവിനെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ എത്തിച്ച് വൈദ്യ പരിശോധനയ്ക്ക് വിധേയനാക്കി. പിന്നീട് സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു

****************************************************************************************************

RNU TVPM